(എ) സംസ്ഥാനത്തെ ദേശസാൽക്കൃത ബാങ്കുകളിലൂടെ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പേർക്ക് എന്തു തുക വായ്പ നൽകിയിട്ടുണ്ടെന്നും ഓരോ വർഷത്തേയും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ:

(ബി) ഇതിൽ സ്ത്രീകൾ, മറ്റു പിന്നോക്ക വിഭാഗങ്ങളിൽ ഉള്ളവർ എന്നിങ്ങനെ ഓരോ വർഷത്തേയും ജില്ല തിരിച്ചുള്ള കണക്ക് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു വരുന്നു.

13 (1745) പത്രപ്രവർത്തകരുടെ ഭവന വായ്പ

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തകരുടെ ഭവന വായ്പയ്ക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുന്നതിനായി കേരള പത്രപ്രവർത്തക യൂണിയന്റെ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനം എന്നാണ് ലഭിച്ചതെന്നും ഈ കാര്യത്തിൽ എന്തു നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് സമയബന്ധിതമായി ഒരു അനുകൂല ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഞ്ഞിക്കുഴി വാർത്താനഗർ ഹൗസിംഗ് കോളനി കൺവീനറുടെ ഇതു സംബന്ധിച്ച ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. മറ്റേതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചുവരുന്നു.

(ബി)&(സി) പ്രസ്തുത നിവേദനം 14-5-99 ലാണ് ലഭിച്ചത്. അത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

14 (1746) പഞ്ചായത്ത് ജീവനക്കാരുടെ ജി.പി.എഫ്. സംബന്ധിച്ച്.

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പഞ്ചായത്ത് സർവ്വീസിൽ നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള ഉത്തരവുണ്ടാകാത്തതു മൂലം അത്തരം ജീവനക്കാരുടെ പി.എഫ്. വിഹിതം ഇപ്പോൾ ശമ്പളത്തിൽ പിടിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly